A

404

# വാർഷിക മൂല്യനിർണയം 2017–18
# പരിസരപഠനം

ക്ലാസ് - IV

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ____________________

വിദ്യാലയത്തിന്റെ പേര് ____________________

ഡിവിഷൻ ____________________

രക്ഷിതാവിന്റെ ഒപ്പ് ____________________

അധ്യാപകന്റെ ഒപ്പ് ____________________

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| പ്രവർത്തനം 6 | |
| ഓവറോൾ ഗ്രേഡ് | |

## നിർദ്ദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പതിനഞ്ചു മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന ആറു മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ നന്നായി ഉത്തരമറിയാവുന്ന ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. ഉത്തരമെഴുതാൻ തെരെഞ്ഞെടുക്കുന്ന ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തര മെഴുതാൻ ശ്രമിക്കേണ്ടതാണ്.

## പ്രവർത്തനം - 1

എ) പക്ഷിനിരീക്ഷണത്തിന്റെ ഭാഗമായി ദിയ കണ്ടെത്തിയ ചില പക്ഷികളുടെ ചിത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവ ഏതെല്ലാം?




| (1) | (2) | (3) | (4) |
|---|---|---|---|
| | | | |

ബി) പക്ഷികളെക്കൊണ്ട് നമുക്ക് ധാരാളം പ്രയോജനങ്ങളുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. അവ എഴുതിനോക്കൂ......

- 
- 

സി) പറക്കാൻ കഴിയാത്ത ഒരു പക്ഷി

## പ്രവർത്തനം - 2

ഭീംസിംഗ് രാജസ്ഥാനിൽ നിന്നും അറിബിക്കടലിനോട് ചേർന്നു കിടക്കുന്ന സംസ്ഥാനങ്ങളിലൂടെ തമിഴ്നാട്ടിലേക്ക് യാത്ര നടത്തി. ഓരോ സംസ്ഥാനത്ത് എത്തുമ്പോഴും അദ്ദേഹം സംസ്ഥാനം, തലസ്ഥാനം, ഭാഷ എന്നിവ എഴുതി തയാറാക്കുകയാണ്.

എ) പട്ടിക പൂർത്തിയാക്കാൻ ഭീംസിംഗിനെ സഹായിക്കൂ....

| സംസ്ഥാനം | തലസ്ഥാനം | ഭാഷ |
|---|---|---|
| ഗുജറാത്ത് | | ഗുജറാത്തി |
| | | മറാത്തി |
| | പനാജി | കൊങ്കിണി |
| | ബാംഗ്ലൂർ | |

നിങ്ങളെ സഹായിക്കാൻ ഇന്ത്യയുടെ ഭൂപടം ഉണ്ടേ...


ഇന്ത്യ
സംസ്ഥാനം-തലസ്ഥാനം
N
പാകിസ്ഥാൻ
ചൈന
ശ്രീനഗർ
ജമ്മു-കാശ്മീർ
ഹിമാചൽ പ്രദേശ്
പഞ്ചാബ്
ഹരിയാന
ഉത്തരാഖണ്ഡ്
ഡൽഹി
ന്യൂഡൽഹി
നേപ്പാൾ
സിക്കിം
ഭൂട്ടാൻ
അരുണാചൽ പ്രദേശ്
ആസ്സാം
നാഗാലാൻഡ്
മേഘാലയ
മണിപ്പൂർ
മിസോറാം
ത്രിപുര
ബംഗ്ലാദേശ്
മ്യാൻമർ
ജയ്പൂർ
രാജസ്ഥാൻ
ഉത്തർ പ്രദേശ്
ബീഹാർ
പട്ന
ജാർഖണ്ഡ്
പശ്ചിമ ബംഗാൾ
ഗാന്ധിനഗർ
ഗുജറാത്ത്
ഭോപ്പാൽ
മധ്യ പ്രദേശ്
ഒഡീഷ
ദാമൻ-ദിയു
ദാദ്ര നഗർ ഹവേലി
മഹാരാഷ്ട്ര
തെലുങ്കാന
ബംഗാൾ ഉൾക്കടൽ
അറബിക്കടൽ
കർണാടകം
ആന്ധ്രാപ്രദേശ്
ചെന്നൈ
ബംഗ്ലൂർ
പുതുച്ചേരി
തമിഴ്നാട്
കവരത്തി
ലക്ഷദ്വീപ് (ഇന്ത്യ)
ആൻഡമാൻ നിക്കോബാർ ദ്വീപുകൾ (ഇന്ത്യ)
തിരുവനന്തപുരം
ശ്രീലങ്ക
ഇന്ത്യൻ
മഹാസമുദ്രം
മാപ്പുകൾ അളവിന് മാനദണ്ഡമല്ല
Copyright © 2017 www.mapsofindia.com

ബി) തമിഴ്നാടിനെക്കുറിച്ചറിഞ്ഞ കാര്യങ്ങൾ ഭീംസിംഗ് തന്റെ ഡയറിയിൽ എഴുതിവച്ചു. എന്തെല്ലാം കാര്യങ്ങൾ എഴുതിയിട്ടുണ്ടാകും?

- 
- 

സി) അവിടെ നിന്നും ഭീംസിംഗ് ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനത്തേക്കാണ് പോയത്. ആ സംസ്ഥാനം ഏതാണ്?

പ്രവർത്തനം - 3

വായുവിന്റെ പ്രത്യേകത വ്യക്തമാക്കുന്നതിന് അനു ക്ലാസ്മുറിയിൽ ചെയ്ത പരീക്ഷണം നോക്കൂ.




ഇതിൽ A എന്ന ബലൂൺ മൊട്ട്സൂചി ഉപയോഗിച്ച് കുത്തി പൊട്ടിക്കുന്നു.

എ) നിങ്ങളുടെ നിരീക്ഷണമെന്ത്?

- 

ബി) വായുവിന്റെ ഏത് പ്രത്യേകതയാണ് ഇതിലൂടെ അനു വ്യക്തമാക്കുന്നത്?

സി) വായുവിന്റെ മറ്റു പ്രത്യേകതകൾകൂടി എഴുതി നോക്കൂ.

- 
- 
- 

**പ്രവർത്തനം - 4**

***ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനിടെ വസ്ത്രത്തിന് തീപിടിച്ച് പൊള്ളലേറ്റ പാചകക്കാരിയെ കുട്ടികൾ രക്ഷിച്ചു.***

നാദിയയുടെ വിദ്യാലയത്തിലാണ് ഈ അപകടം നടന്നത്. ഇതിനെ തുടർന്ന് സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാൻ തീരുമാനിച്ചു.

എ) അപകടങ്ങൾ നടന്നാൽ നൽകേണ്ട പ്രഥമശുശ്രൂഷകളെ കുറിച്ച് ചാർട്ടുകൾ തയാറാക്കുകയാണ് നാദിയ. അവളെ സഹായിക്കാമോ?

| മുറിവ് പറ്റിയാൽ | തീപൊള്ളലേറ്റാൽ |
|---|---|
| • | • |
| • | • |

ബി)അപകടം നടന്നാൽ പരിചരണം നടത്തുന്നതിനു വേണ്ടി ക്ലാസിൽ ഒരു പ്രഥമ ശുശ്രൂഷപ്പെട്ടി തയാറാക്കി വയ്ക്കാൻ നാദിയയും കൂട്ടുകാരും തീരുമാനിച്ചു. ആ പെട്ടിയിലേക്കായി അവർ എന്തെല്ലാം സാധനങ്ങൾ ശേഖരിക്കും?

- 
- 
- 
- 

സി) കൈകാലുകളിലെ എല്ലുകൾ പൊട്ടിയാൽ അവ അനങ്ങാതിരിക്കാൻ കെട്ടുന്ന ഉപകരണത്തിന്റെ പേര്.

**പ്രവർത്തനം - 5**

തേജയും കൂട്ടുകാരും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചറിയാൻ പനങ്ങോട് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ചു. അതിന്റെ മുൻവശത്ത് സ്ഥാപിച്ച ബോർഡ് അവരുടെ ശ്രദ്ധയിൽപ്പെട്ടു.

**പനങ്ങോട് ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം ലഭ്യമാക്കുന്ന സേവനങ്ങൾ**

- പ്രതിരോധ കുത്തിവയ്പ്പുകൾ
- അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണം
- പ്രാഥമിക ചികിത്സാ സൗകര്യം
- പകർച്ചവ്യാധി നിവാരണ പ്രവർത്തനങ്ങൾ

എ) നിങ്ങളുടെ പ്രദേശത്തെ രണ്ടു പൊതുസ്ഥാപനങ്ങളുടെ പേരെഴുതൂ.

- 
- 

ബി) ഇവയിൽ ഒരു പൊതുസ്ഥാപനത്തിന്റെ സേവനങ്ങൾ വ്യക്തമാക്കുന്ന പ്രദർശന ബോർഡ് തയാറാക്കൂ.

സി) നിങ്ങൾ താമസിക്കുന്ന പ്രദേശം ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉൾപ്പെട്ടതാണ്.

**പ്രവർത്തനം - 6**

അലനും മുത്തശ്ശിയും വിദേശത്തുള്ള അച്ഛനുമായി ഫോണിൽ, കണ്ട് സംസാരിക്കുകയായിരുന്നു. മുത്തശ്ശിക്ക് അത്ഭുതം! തന്റെ കുട്ടിക്കാലത്തെ അനുഭവങ്ങൾ അവർ അലനുമായി പങ്കുവച്ചു.

എ) മുത്തശ്ശിയുടെയും തന്റെയും അനുഭവങ്ങൾ ചേർത്ത് അലൻ ക്ലാസിലേക്ക് ഒരു ഫ്ളോചാർട്ട് തയാറാക്കുകയാണ്. പൂർത്തിയാക്കാൻ സഹായിക്കൂ.




ബി) ലോകത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ള കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിച്ച് വിവരങ്ങൾ കൈമാറുന്ന സംവിധാനം.